(സി) ഇക്കാര്യത്തിൽ തദ്ദേശസ്വയംഭരണ വകുപ്പ് കരുംകുളം ഗ്രാമപഞ്ചായത്തിൽ നൽകിയിട്ടുള്ള നിർദ്ദേശത്തിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ;

(ഡി) സർവേ നമ്പർ 168/6-ൽ ഉൾപ്പെട്ട സ്ഥലം പഞ്ചായത്തുവക പൊതുവഴിയാണെന്നും കയ്യേറ്റക്കാരെ ഒഴിപ്പിക്കണമെന്നുമുള്ള റവന്യൂ വകുപ്പ് അധികൃതരുടെ നിർദ്ദേശങ്ങൾ പഞ്ചായത്ത് പാലിച്ചിട്ടില്ല എന്നുള്ള വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഇ) തദ്ദേശസ്വയംഭരണ വകുപ്പിന്റെയും റവന്യൂ വകുപ്പിന്റെയും നിർദ്ദേശങ്ങൾ നടപ്പിലാക്കാത്ത ഉദ്യോഗസ്ഥർക്കും പഞ്ചായത്ത് അധികൃതർക്കുമെതിരെ സത്വര നിയമനടപടികൾ സ്വീകരിക്കുമോ ;

(എഫ്) പ്രസ്തുത പുറമ്പോക്ക് കൈയേറ്റം അടിയന്തിരമായും സമയബന്ധിതമായും ഒഴിപ്പിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഉണ്ട്. പുറമ്പോക്കുവഴി സംരക്ഷിക്കുന്നതിന് യഥാസമയം പഞ്ചായത്ത് നടപടി സ്വീകരിച്ചിട്ടില്ല.

(സി) സർവേ 168/6-ൽപെട്ട പുറമ്പോക്കു ഭൂമിയിലൂടെ പരാതിക്കാരിയായ ശ്രീമതി അംബികയുടെ ചെലവിൽ നടപ്പാത നിർമ്മിക്കുന്നതു സംബന്ധിച്ച് പഞ്ചായത്തുകമ്മിറ്റി തീരുമാനമെടുത്ത് റിപ്പോർട്ടു ചെയ്യുവാൻ നിർദേശിച്ചിരുന്നു. കൂടാതെ പുറമ്പോക്കുസ്ഥലത്തെ പൊതുജനപങ്കാളിത്തത്തോടെ റോഡ് നിർമ്മിക്കുന്നകാര്യം പരിഗണിക്കാനും ഒരു മാസത്തിനകം ആയതിൽ റിപ്പോർട്ടു ലഭ്യമാക്കാനും നിർദ്ദേശിച്ചിരുന്നു. 8-7-2002-ലെ കത്തിലൂടെ പൊതുജനപങ്കാളിത്തത്തോടുകൂടിയോ ശ്രീമതി അംബികയുടെ ചെലവിലോ റോഡ് നിർമ്മിക്കുന്ന കാര്യത്തിൽ തീരുമാനമെടുക്കണമെന്നും നിർദ്ദേശിച്ചിരുന്നു.

(ഡി) ഉണ്ട്.

(ഇ) നിർദ്ദേശങ്ങൾ പാലിക്കുന്നതിൽ വീഴ്ചവരുത്തിയ കരുംകുളം ഗ്രാമപഞ്ചായത്ത് സെക്രട്ടറിയായിരുന്ന ശ്രീമതി ഇന്ദിരക്കെതിരായി കുറ്റപത്രം നൽകി അച്ചടക്ക നടപടി സ്വീകരിച്ചു വരുന്നു.

(എഫ്) കൈയേറ്റം നീക്കം ചെയ്തിട്ടുണ്ട്.

പെർഫോർമൻസ് ആഡിറ്റ് വിഭാഗം പഞ്ചായത്തുകളിൽ കണ്ടെത്തിയ ക്രമക്കേട്

73 (2196) ശ്രീ. എം. എ. വാഹീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തദ്ദേശഭരണ വകുപ്പിൽ പെർഫോമൻസ് ആഡിറ്റ് വിഭാഗം നിലവിൽ വന്നശേഷം തിരുവനന്തപുരം ജില്ലയിൽ എത്ര ത്രിതല പഞ്ചായത്തുകളിൽ എത്ര പ്രാവശ്യം വീതം ആഡിറ്റിംഗ് നടത്തി ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇത്തരം ആഡിറ്റിംഗിൽ ഏതൊക്കെ പഞ്ചായത്തുകളിലാണ് ക്രമക്കേട് നടന്നതായി കണ്ടെത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(സി) ഇങ്ങനെ ക്രമക്കേട് കണ്ടെത്തിയാൽ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുവാൻ കഴിയുന്നതെന്ന് വിശദീകരിക്കുമോ ?

ഉത്തരം

(എ) 2000 ഡിസംബറിൽ പെർഫോമൻസ് ആഡിറ്റ് സംവിധാനത്തിന്റെ പുനഃക്രമീകരണത്തിന് ശേഷം തിരുവനന്തപുരം ജില്ലയിലെ എല്ലാ ഗ്രാമപഞ്ചായത്തുകളിലും മൂന്ന് മാസത്തിലൊരിക്കലും ജില്ലാ/ബ്ലോക്ക് പഞ്ചായത്തുകളിൽ 6 മാസത്തിലൊരിക്കലും ആഡിറ്റ് നടത്തിയിട്ടുണ്ട്.

(ബി) ജില്ലയിലെ ബഹുഭൂരിപക്ഷം ഗ്രാമപഞ്ചായത്തുകളിലും/ബ്ലോക്ക് പഞ്ചായത്തുകളിലും/ജില്ലാ പഞ്ചായത്തിലും 1996-97 മുതൽ 2002 മാർച്ച് 31 വരെയുള്ള കാലയളവിലെ ആഡിറ്റിൽ പലതരം ക്രമക്കേടുകൾ കണ്ടെത്തിയിട്ടുണ്ട്.

(സി) ആഡിറ്റ് പരാമർശത്തിന്റെ ഗൗരവവും ധനദുർവിനിയോഗത്തിന്റെ തോതും അനുസരിച്ച് വിജിലൻസ് അന്വേഷണം/ഓംബുഡ്സ്മാന്റെ വിചാരണ/ വകുപ്പുതല നടപടികൾ/റവന്യൂ റിക്കവറി തുടങ്ങിയ രീതിയിലുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

പഞ്ചായത്ത് ജീവനക്കാരുടെ പുനർവിന്യാസം

74 (2197) ശ്രീ. കെ. രാധാകൃഷ്ണൻ :
ശ്രീ. എം. വി. ജയരാജൻ :
ശ്രീ. വി. ചെന്താമരാക്ഷൻ :
ശ്രീ. ടി. കെ. ബാലൻ : താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

പഞ്ചായത്തുകളിൽ പുനർവിന്യാസത്തിന്റെ ഭാഗമായി ജീവനക്കാരെ ത്രിതല പഞ്ചായത്തുകളിൽ നിയമിക്കുന്നതോടൊപ്പം ഏതെല്ലാം വകുപ്പുകളാണ് കൂടുതലായി വികേന്ദ്രീകരിക്കുവാൻ പരിഗണനയിൽ ഉള്ളതെന്ന് പറയാമോ ?

ഉത്തരം

ചോദ്യം വ്യക്തമല്ലാത്തതിനാൽ മറുപടി നൽകാനാവില്ല.

ഗ്രാമപഞ്ചായത്ത് സെക്രട്ടറി തസ്തികയിലേക്ക് നേരിട്ടുള്ള നിയമനം

75 (2198) ശ്രീ. വി. കെ. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പഞ്ചായത്തു വകുപ്പിൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറി തസ്തികയിലേക്ക് എത്ര ശതമാനം പോസ്റ്റുകളാണ് ഓപ്പൺ കാറ്റഗറിയിൽ ഉൾപ്പെടുത്തി നേരിട്ട് നിയമനം നടത്തുന്നത് ;

LIBRARY ARCHIVES Kerala Legislative Assembly